**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3692** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി ബസ്സ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിൽ പുതുതായി നിർമ്മിച്ച ബൈപ്പാസ് കേന്ദ്രീകരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. സിറ്റി ബസ്സ് സർവ്വീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ; | (എ) | യാത്രാവശ്യം പരിഗണിച്ചും ഇതര സ്റ്റേജ് ക്യാരേജ് സർവ്വീസുകളുമായി മത്സരം ഒഴിവാക്കിയും പ്രസ്തുത തരം സർവ്വീസ് ആരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (ബി) | നഗരത്തിൽ നിർത്തലാക്കിയ ടൗൺ ടു ടൗൺ സർവ്വീസിന്റെ സ്റ്റോപ്പുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ടൗൺ ടു ടൗൺ സർവ്വീസിന് അനുവദിച്ചിട്ടുള്ള സ്റ്റോപ്പുകൾ നിലവിലും തുടർന്ന് വരുന്നുണ്ട്. |
| (സി) | തിരുവനന്തപുരത്ത് അനുവദിച്ചതുപോലെ നഗര കാഴ്ചകൾക്കായി പ്രത്യേക സർവ്വീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | സമാന ശ്രേണിയിലുള്ള ബസുകൾ ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ